ആലുവ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ നേഴ്സിംഗ് സ്കൂൾ

241 [3215] *ഡോ. കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ നേഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിരുന്നോ;

(ബി) ഈ അപേക്ഷ അനുവദിക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റിയുടെയോ നേതൃത്വത്തിൽ ഗവൺമെന്റ് താലൂക്ക് ആശുപത്രികളിൽ നേഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റിയുടെ ഫണ്ട് ആശുപത്രിയുടെ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതായതിനാൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നേഴ്സിംഗ് സ്കൂൾ ആരംഭിക്കേണ്ടതില്ലാത്തതിനാൽ അപേക്ഷ പരിഗണിച്ചിട്ടില്ല.

(സി) ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് ആശുപത്രികളിൽ നേഴ്സിംഗ് സ്കൂൾ ആരംഭിക്കേണ്ടതില്ലെന്നും പ്രസ്തുത ഫണ്ട് ആശുപത്രികളുടെ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതാണെന്നുമാണ് നിലപാട്.

ആയുർവേദ ഫാർമസിസ്റ്റുകൾക്ക് വിദേശത്ത് പോകുന്നതിന് ദീർഘകാല ശൂന്യവേതന അവധി

242 [3216] *ശ്രീ. കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ വകുപ്പിൽ (ഐ.എസ്.എം.) ആയുർവേദ ഫാർമസിസ്റ്റുകൾക്ക് വിദേശത്ത് പോകുന്നതിന് ദീർഘകാല ശൂന്യവേതന അവധി നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർക്ക് ദീർഘകാല അവധി നൽകുന്നത് വിലക്കിക്കൊണ്ട് എന്തെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

(സി) എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഫാർമസിസ്റ്റുകൾക്കായി മാത്രം നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ കെ. എസ്. ആർ. പാർട്ട്-1 അപ്പൻഡിക്സ് 12എ പ്രകാരം ദൗർലഭ്യ വിഭാഗത്തിൽപ്പെട്ട (scarce categories) തസ്തികകളിൽ ആവശ്യത്തിന് ജീവനക്കാർ ലഭ്യമല്ലെങ്കിൽ ലീവ് അനുവദിക്കാതിരിക്കാൻ കഴിയുന്നതാണ്.

(ബി) പകരം നിയമിക്കുവാൻ ഫാർമസിസ്റ്റുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ കെ. എസ്. ആർ. പാർട്ട്-1 അപ്പൻഡിക്സ് 12എ പ്രകാരം നിയന്ത്രണം ഏർപ്പെടുത്താറുണ്ട്.

(സി) കെ. എസ്. ആർ. പാർട്ട്-1, 12 എയിലെ പ്രസക്തഭാഗം ഉള്ളടക്കം ചെയ്യുന്നു. †

ഡോക്ടർമാരുടെ നിയമനം

243 [3217] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ പ്രൈമറി ഹെൽത്ത് സെന്ററിൽ അനുവദിക്കപ്പെട്ട ഡോക്ടർമാരുടെ 2 ഒഴിവുകളിൽ മാസങ്ങളായി ആരെയും നിയമിച്ചിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചിറയ്ക്കൽ പ്രൈമറി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ 3 തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ 15-1-2005-ലും 2-7-2005-ലും ഓരോ ഡോക്ടർമാരെ വീതം നിയമിച്ചിട്ടുണ്ട്. ഇപ്പോൾ ഈ രണ്ട് ഡോക്ടർമാരും ഈ ആശുപത്രിയിൽ ജോലിചെയ്യുന്നുണ്ട്.

(ബി) ചിറയ്ക്കൽ പ്രൈമറി ഹെൽത്ത് സെന്ററിൽ ഇപ്പോൾ ഒഴിവുള്ള ഒരു തസ്തികയിൽ ഡോക്ടറെ നിയമിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly